**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2889** **10-03-2025 - ൽ മറുപടിയ്ക്ക്**

**പ്രതിരോധിക്കുന്നതിനിടയിൽ വന്യമൃഗങ്ങൾ കൊല്ലപ്പെട്ടാലുള്ള നിയമനടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ജനവാസ മേഖലകളിലേക്ക് കടന്നുകയറുകയും മനുഷ്യ ജീവന് ഭീഷണിയുയർത്തുകയും ചെയ്യുന്ന വന്യമൃഗങ്ങളെ കൊല്ലുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; മനുഷ്യരെ ആക്രമിക്കുന്ന വന്യജീവികളെ പ്രതിരോധിക്കുന്നതിനിടയിൽ അവ കൊല്ലപ്പെട്ടാൽ ആയതിന്റെ പേരിൽ എന്തെങ്കിലും നിയമനടപടികൾ നേരിടേണ്ടതുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ വകുപ്പ് 11 (1) (a) & (b) പ്രകാരം മനുഷ്യ ജീവന് ഭീക്ഷണിയായ വന്യമൃഗത്തെ മയക്കുവെടി വച്ചോ അല്ലാതെയോ പിടികൂടുന്നതിനും മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നതിനും ആയതിന് സാധിക്കുന്നില്ലായെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡനു പരിപൂർണ്ണ ബോധ്യമാകുന്ന പക്ഷം ടി വന്യമൃഗത്തെ കൊല്ലുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇങ്ങനെ തീരുമാനം എടുക്കുന്നതിന് കേന്ദ്ര വനം—പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ വന്യജീവി വിഭാഗവും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയും കാലാകാലം നിർദ്ദേശിക്കുന്ന മാർഗ്ഗ രേഖകളും, സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടി ക്രമങ്ങളും (SOP) കർശനമായി പാലിക്കേണ്ടതുണ്ട്. നിയമപ്രകാരം മുൻകൂർ അനുമതിയോടെ കൊല്ലുന്നത് ഒഴികെ 1972 ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന വന്യമൃഗങ്ങൾ ഉൾപ്പെടെയുള്ള ജീവികളുടെ അസ്വാഭാവിക മരണമോ ബന്ധനാവസ്ഥയോ വേട്ടയാടലോ ശ്രദ്ധയിൽപ്പെട്ടാൽ ടി നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ